സൗകര്യം വർദ്ധിപ്പിക്കണമെന്നും കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്നുമുള്ള ആവശ്യം സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് പരിശോധിക്കാനും കഴിയുന്നത്ര പരിഹാരമുണ്ടാക്കാനും ശ്രമിക്കുന്നതാണ്.

(22) കുളമാവ് ജവഹർ നവോദയാ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കുണ്ടായ ഭക്ഷ്യവിഷബാധ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട കുളമാവ് ജവഹർ നവോദയാ സ്കൂളിലെ 82 കുട്ടികൾക്ക് ഭക്ഷ്യവിഷബാധ ഏറ്റ പ്രശ്നമാണ് എനിക്ക് ഈ സഭയ്ക്കുമുമ്പിൽ അവതരിപ്പിക്കാനുള്ളത്. മൂലമറ്റം ബിഷപ് വയലിൽ ആശുപത്രിയിൽ 11 കുട്ടികൾ ചികിത്സയിലാണ്. മറ്റുള്ളവരെ കുളമാവിലുള്ള ഡിസ്പെൻസറിയിൽ പ്രാഥമിക ശുശ്രൂഷ നടത്തി വിട്ടയ്ക്കുകയുണ്ടായി. ഗിരിവർഗ്ഗ കുട്ടികൾ താമസിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിലുൾപ്പെടെ പലപ്പോഴും ഇത്തരം സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം ഹോസ്റ്റലുകളിൽ പീരിയോഡിക്കൽ മെഡിക്കൽ ഇൻസ്പെക്ഷൻ നടത്താനുള്ള ഒരു സംവിധാനമുണ്ടാകണം. ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശുദ്ധജലവിതരണം ഉറപ്പുവരുത്തുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട്. ഭക്ഷ്യവിഷബാധ ഏറ്റ മുഴുവൻ വിദ്യാർത്ഥികൾക്കും ചികിത്സാസഹായം അനുവദിക്കണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കരുതൽനടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കുളമാവ് ജവഹർ നവോദയാ റസിഡൻഷ്യൽ സ്കൂളിലെ അന്തേവാസിയായ ഒരു കുട്ടിക്ക് ജൂലൈമാസം 18-ാം തീയതി ഞായറാഴ്ച ഛർദ്ദിയും വയറിളക്കവുമുണ്ടായതിനെത്തുടർന്ന് മൂലമറ്റത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. 19-ാം തീയതി തിങ്കളാഴ്ച 14 കുട്ടികൾക്കുകൂടി ഇതേ അസുഖം കണ്ടതായി സംശയം തോന്നിയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക ശുശ്രൂഷയ്ക്കും നിരീക്ഷണത്തിനും ശേഷം നാലുപേരെക്കൂടി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. കൂടുതൽപേർക്ക് അസുഖമുണ്ടാകുമെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ലാ ഇമ്മ്യൂണൈസേഷൻ ഓഫീസർ, മുട്ടം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ, മാസ് എഡ്യൂക്കേഷൻ ഓഫീസർ എന്നിവരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം ആംബുലൻസടക്കമുള്ള സജ്ജീകരണങ്ങളോടുകൂടി സ്കൂളിൽ എത്തുകയും രോഗലക്ഷണമുണ്ടെന്ന് സംശയമുള്ള കുട്ടികളെ പരിശോധിക്കുകയുമുണ്ടായി. രോഗലക്ഷണങ്ങൾ കണ്ടെത്തിയ പതിനൊന്നുപേരെ മൂലമറ്റത്തെ സ്വകാര്യ ആശുപത്രിയിലേയ്ക്കയച്ചു. മറ്റെല്ലാപേർക്കും ശുശ്രൂഷ നൽകുകയും ചെയ്തു. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ നില ഇപ്പോൾ തൃപ്തികരമാണ്. അവരെ ഇന്ന് ഡിസ്ചാർജ് ചെയ്യും. സ്കൂളിലെ മെസ്സിൽ പാകം ചെയ്ത ആഹാരത്തിൽനിന്നുണ്ടായ ഭക്ഷ്യവിഷബാധമൂലമാണ് ഈ അസുഖമുണ്ടായതെന്നാണ് സംശയിക്കുന്നത്. വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് ഇവിടെ പാചകം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ശുചിയായ സ്ഥലത്ത് ആഹാരം പാചകം ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ജലസ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്തിട്ടുണ്ട്. സ്കൂൾ മെസ്സിലെ ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്കയച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പീരിയോഡിക്കൽ മെഡിക്കൽ പരിശോധനയ്ക്കുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്.

(23) പാലക്കാട്, കോഴിക്കോട് ലിങ്ക് റോഡിന്റെ പണി പൂർത്തിയാക്കൽ

ശ്രീ. ടി.കെ. നൗഷാദ് : സർ, ജില്ലാ ആസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുള്ള ഒരു ജില്ലയാണ് പാലക്കാട്. സുൽത്താൻപേട്ട ജംഗ്ഷനാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രം. ഈ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി പാലക്കാട് നഗരത്തിൽ കൽവാരക്കുളത്ത് ഒരു മുനിസിപ്പൽ ബസ്സ്റ്റാന്റിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ പണി പൂർത്തിയായാൽ രൂക്ഷമായ ഗതാഗതക്കുരുക്കുണ്ടാകും. ഇതൊഴിവാക്കുന്നതിനുവേണ്ടി പാലക്കാട് കൽവാരക്കുളം ബസ്സ്റ്റാന്റ് വഴി പണി പൂർത്തീകരിക്കേണ്ടിയിരിക്കുന്ന കൽമണ്ഡപം-കൽപ്പാത്തി ബൈപാസ് റോഡിനേയും കോയമ്പത്തൂർ റോഡിനേയും ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് റോഡിന് 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആ ലിങ്ക് റോഡിന്റെ പണി പൂർത്തീകരിച്ചാൽ പാലക്കാട് നഗരത്തിലെ ഗതാഗതക്കുരുക്കിന് ഒരുപരിധിവരെ പരിഹാരം കാണാൻ കഴിയും. റോഡ് നിർമ്മാണത്തിനുവേണ്ടി അടിയന്തിരമായും പ്രത്യേക അനുമതി നൽകണമെന്ന് മരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പാലക്കാട് ഠൗണിലെ പ്രധാനപ്പെട്ട റോഡുകളായ കോഴിക്കോട്-പാലക്കാട് റോഡ്, ഗാന്ധിബസാർ റോഡ്, കോർട്ട് റോഡ് ഇവയെല്ലാംകൂടി ചേരുന്ന ഏറ്റവും ഗതാഗതക്കുരുക്കുള്ള ജംഗ്ഷനാണ് സുൽത്താൻപേട്ട. കോഴിക്കോട് ഭാഗത്തുനിന്നുംവരുന്ന എല്ലാ വാഹനങ്ങളും ഈ ജംഗ്ഷൻവഴിയാണ് കടന്നുപോകേണ്ടത്. ഇവിടത്തെ ഗതാഗതത്തിരക്ക് കുറയ്ക്കുവാൻവേണ്ടി പാലക്കാട് മുനിസിപ്പാലിറ്റി പാലക്കാട്-കോഴിക്കോട് റോഡിൽ കൽവാരക്കുളത്ത് ഒരു ബസ്സ്റ്റാന്റ് പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് കോഴിക്കോട് ബൈപ്പാസ് റോഡിൽ 1-800 കിലോമീറ്ററിൽ തുടങ്ങി പ്രസ്തുത ബസ്സ്റ്റാന്റിനടുത്തുകൂടി കോയമ്പത്തൂർ ഭാഗത്തേയ്ക്ക് പോകുന്ന റോഡിൽ കിലോമീറ്റർ 139-400-ൽ വന്നുചേരുന്ന കൽവാരക്കുളം ബസ്സ്റ്റാന്റിലൂടെയുള്ള ലിങ്ക്റോഡ് സർക്കാർ അംഗീകരിച്ച് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതാണ്. 800 മീറ്റർ നീളവും നാലുവരി ഗതാഗതസൗകര്യമുള്ള പ്രസ്തുത ലിങ്ക് റോഡിന്റെ നിർമ്മാണം പൂർത്തിയായാൽ കോഴിക്കോട് ഭാഗത്തുനിന്നും മലമ്പുഴ ഭാഗത്തുനിന്നുംവരുന്ന ബസ്സുകൾക്ക് പുതിയ ബസ്റ്റ്സ്റ്റാന്റിലേയ്ക്ക് സുൽത്താൻപേട്ടയിലേയ്ക്ക് വരാതെ പോകാൻ സാധിക്കും. ഇത് പാലക്കാട്ടെ ഗതാഗതക്കുരുക്ക് കുറയ്ക്കാൻ ഒട്ടേറെ സഹായിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. 1998-99-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഇതിന്റെ പണികൾ ആരംഭിച്ചുകഴിഞ്ഞു. 85 ലക്ഷം രൂപയ്ക്കുള്ള പ്രത്യേകാനുമതി നൽകി. ഇനി അടുത്ത റീച്ചിനുള്ള അനുമതിക്ക് ചീഫ് എഞ്ചിനീയറുടെ കത്ത് ലഭിച്ചിട്ടുണ്ട്. ആ കത്ത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly